**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** — **09-02-2023 - ൽ മറുപടിയ്ക്ക്**

**ആശുപത്രികൾക്ക് ലോട്ട് ക്വാളിറ്റി അഷ്വറൻസ് സാംപ്ളിംഗ് നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എ. സി. മൊയ്‌തീൻ ,<br>ശ്രീമതി ദെലീമ,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ആശുപത്രികളുടെ മികവിനെ ഇകഴ്ത്താൻ സ്വകാര്യ ആശുപത്രികളുടെ താല്പര്യ സംരക്ഷകരായ ചില കേന്ദ്രങ്ങൾ നടത്തിയതായി പറയപ്പെടുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും, മികച്ച ചികിൽസ ലഭ്യമാക്കുന്നതിനും, ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നിരവധിയായ പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ ചികിൽസ തേടി വരുന്നവരുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ മാത്രം ലഭ്യമായിരുന്ന അത്യന്താധുനിക ചികിത്സയും ശസ്ത്രക്രിയകളും സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ചില ജനറൽ/ ജില്ലാ ആശുപത്രികളിലും നടത്തുന്നതിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ ഈ മികവിനെ ഇകഴ്ത്തിക്കാട്ടാൻ വേണ്ടിയുള്ള ബോധപൂർവ്വമായ ചില ശ്രമങ്ങൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ടെങ്കിലും അതൊന്നും തന്നെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാനുള്ള ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | സർക്കാർ മേഖലയിലുള്ള പ്രധാന ആശുപത്രികളെയെല്ലാം ലോട്ട് ക്വാളിറ്റി അഷ്വറൻസ് സാംപ്ളിംഗ് നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിനായി LQAS രീതി അവലംബിക്കുന്നില്ല.<br><br>സർക്കാർ ആശുപത്രികളുടെ ഗുണനിലവാരത്തിനായി മിനിസ്റ്റി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനു വേണ്ടി ഇന്ത്യയിലെ ഗവൺമെൻറ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (NQAS) പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. അന്തർദേശീയ നിലവാര നിർണ്ണയ ഏജൻസിയായ ദി |

| | | | |
|---|---|---|---|
| | | | ഇന്റർനാഷണൽ സൊസൈറ്റി ഫോർ ക്വാളിറ്റി ഇൻ ഹെൽത്ത് കെയർ (I.S.Q.U.A) അംഗീകരിച്ച അക്രഡിറ്റേഷനാണ് എൻ.ക്യൂ.എ.എസ്. സംസ്ഥാന സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തുന്നതിന് വേണ്ടി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു വേണ്ടി ജില്ലാ ആശുപത്രി തലത്തിലും താലൂക്കാശുപത്രി തലത്തിലും സാമൂഹികാരോഗ്യ കേന്ദ്രതലത്തിലും പ്രാഥമികാരോഗ്യ കേന്ദ്രതലത്തിലും നഗരപ്രാഥമികാരോഗ്യ കേന്ദ്രതലത്തിലും ഓരോ തലത്തിലുമുള്ള ചെക്ക് ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ മൂല്യനിർണയം നടത്തിയാണ് NQAS അക്രഡിറ്റേഷൻ നൽകുന്നത്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഗുണനിലവാരം NABH Accreditation മാർഗ്ഗരേഖ മുഖേനയാണ് മെച്ചപ്പെടുത്താനുള്ള ക്രമീകരണങ്ങൾ നടത്തി വരുന്നത്.<br><br>സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സയും അനുബന്ധ സേവനങ്ങളും, മെഡിക്കൽ വിദ്യാഭ്യാസവും കൂടുതൽ ഗുണനിലവാരമുള്ളതാക്കുകയെന്ന ലക്ഷ്യത്തോടെ<br><br>സർക്കാർ Quality Improvement Initiative in Medical Colleges എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മുന്നോട്ടുപോക്ക് ത്വരിതപ്പെടുത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒരു മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. 'Quality Improvement Initiative' പദ്ധതിയുടെ ഭാഗമായി സർക്കാർ മെഡിക്കൽ കോളേജുകൾക്ക് NAAC/KUHS/NABH Accreditation ലഭ്യമാക്കുന്നതിലേക്കായി ഒരു "സ്ഥാപന അധിഷ്ഠിത റോഡ് മാപ്പ്" തയ്യാറാക്കി Accreditation ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. മെഡിക്കൽ കോളേജുകളിലെ അക്കാഡമിക് കാര്യങ്ങൾ NAAC/KUHS Accreditation മാർഗ്ഗരേഖ പ്രകാരവും മെഡിക്കൽ കോളേജ് ആശുപത്രി സംബന്ധിച്ച കാര്യങ്ങൾ NABH Accreditation മാർഗ്ഗരേഖ പ്രകാരവും ആവശ്യമായ ക്രമീകരണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി വരുന്നു. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര ആശുപത്രികൾക്ക് ലോട്ട് ക്വാളിറ്റി അഷ്വറൻസ് സാംപ്ളിംഗ് | (സി) | സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ലോട്ട് ക്വാളിറ്റി അഷ്വറൻസ് |

| | | | |
|---|---|---|---|
| | അംഗീകാരവും ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അംഗീകാരങ്ങൾക്കായി ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യവും സേവന നിലവാരവും സംബന്ധിച്ച് അറിയിക്കാമോ? | | സാംപ്ലിംഗ് (LQAS) രീതി അവലംബിക്കുന്നില്ല.<br><br>എന്നാൽ കേരളത്തിൽ 157 സർക്കാർ ആശുപത്രിക്കൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരംലഭിച്ചിട്ടുണ്ട്. അതിൽ 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 8 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 101 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ..ക്യു.എ.എസ് അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ. അവയുടെ ലിസ്റ്റ് **അനുബന്ധം 1** ആയി ഉള്ളടക്കം ചെയ്യുന്നു.<br><br>സർവീസ് പ്രൊവിഷൻ, പേഷ്യന്റ്റൈറ്റ്, ഇൻപുട്സ്, സപ്പോർട്ടീവ് സർവീസസ്, ക്ലിനിക്കൽ സർവീസസ്, ഇൻഫെക്ഷൻ കൺട്രോൾ ,ക്വാളിറ്റി മാനേജ്മെന്റ്, ഔട്ട്കം എന്നീ 8 വിഭാഗങ്ങളിലായി നിരവധി ചെക്ക് പോയിന്റ്സ് വിലയിരുത്തിയാണ് എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്നത്. ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്ക് ശേഷം എൻ.എച്ച്.എസ്.ആർ.സി നിയോഗിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന അസ്സസ്സ്മെന്റിന് ശേഷമാണ് ആശുപത്രികളുടെ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോവിഭാഗത്തിലും 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന സ്ഥാപനങ്ങൾക്കാണ് ഭാരതസർക്കാർ എൻ.ക്യു.എ.എസ് അംഗീകാരം നൽകുന്നത്.<br><br>സംസ്ഥാനത്ത് നിലവിൽ 10 ആശുപത്രികൾക്കു ലക്ഷ്യ സെർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക **അനുബന്ധം 2** ആയി ചേർക്കുന്നു.<br><br>മാതൃശിശു മരണ നിരക്ക് കുറയ്ക്കുക, അതോടൊപ്പം തന്നെ ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിൻ പ്രകാരം കേരള സർക്കാർ ലക്ഷ്യ അക്രഡിറ്റേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ലോകോത്തര നിലവാരത്തിലുള്ള പ്രസവ ചികിത്സ ലഭ്യമാക്കുക, അണുബാധ കുറയ്ക്കുക, പ്രസവ സമയത്ത് മെച്ചപ്പെട്ട സംരക്ഷണം, ഇതുകൂടാതെ പ്രസവാനന്തരമുള്ള ശുശ്രൂഷ, ഗുണഭോക്തക്കളുടെ സംതൃപ്തി, ലേബർ റൂമുകളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തിയേറ്ററുകളുടേയും ഗുണനിലവാരം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കേരളത്തിൽ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br><u>ലക്ഷ്യ സെർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാനദണ്ഡങ്ങൾ</u><br><br>ലേബർ റൂമുകളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററുകളുടെയും അടിസ്ഥാന സൗകര്യം ലഭ്യമാക്കുക, ആവശ്യ ഉപകരണങ്ങളുടെ ലഭ്യത, മതിയായ മാനവ വിഭവശേഷി, ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തന ശേഷി, ലേബർ റൂമിലെ ഗുണനിലവാര പ്രക്രിയകൾ, ഒബ്സ്റ്റെട്രിക്സിൽ പരിചരണം ശക്തിപ്പെടുത്തുക എന്നിവയാണ്. മെഡിക്കൽ കോളേജ് ആശുപത്രി തലത്തിൽ സമർപ്പിത ഒബ്സ്റ്റട്രിക് ഐസിയുകളും ജില്ലാ ആശുപത്രിയിൽ ഒബ്സ്റ്റട്രിക് എച്ച്ഡിയുകളും ലക്ഷ്യ പ്രോഗ്രാമിന് കീഴിൽ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| എൻ.ക്യു.എ.എസ്. അംഗീകാരംലഭിച്ചിട്ടുള്ളസ്ഥാപനങ്ങളുടെവിവരങ്ങളടങ്ങിയപട്ടിക* | | |
|---|---|---|
| നം. | ഹോസ്പിറ്റൽസ് | ജില്ല |
| | ഡി.എച്ച് | |
| 1 | ജി.എച്ച്. എറണാകുളം | എറണാകുളം |
| 2 | ഡബ്ല്യൂ ആന്റ് സി കോഴിക്കോട് | കോഴിക്കോട് |
| 3 | ഡി.എച്ച്. കാഞ്ഞങ്ങാട് | കാ സർഗോഡ് |
| 4 | ഡബ്ല്യൂ.ആന്റ് സി മാങ്ങാട്ടുപറമ്പ് | കണ്ണൂർ |
| 5 | എ എ റഹിം മെമ്മോറിയൽ ഹോസ്പിറ്റൽ | കൊല്ലം |
| | എസ്.ഡി.എച്ച് | |
| 1 | താലൂക്ക് ഹോസ്പിറ്റൽ കൊല്ലം | കൊല്ലം |
| 2 | റ്റി.എച്ച്.ക്യൂ.എച്ച് ചാലക്കുടി | തൃശ്ശൂർ |
| 3 | റ്റി.എസ്.എച്ച്. കോട്ടത്തറ | പാലക്കാട് |
| 4 | താലൂക്ക് ഹോസ്പിറ്റൽ താമരശ്ശേരി | കോഴിക്കോട് |
| | സി.എച്ച്. സി | |
| 1 | സി.എച്ച്. സി പനത്തടി | കാസർഗോഡ് |
| 2 | സി.എച്ച്. സി പാണ്ടിപ്പിള്ളി | എറണാകുളം |
| 3 | സി.എച്ച്. സി കീച്ചേരിഎറണാകുളം | എറണാകുളം |
| 4 | സി.എച്ച്. സി കുമരകം | കോട്ടയം |
| 5 | സി.എച്ച്. സി തലക്കുളത്തൂർ | കോഴിക്കോട് |
| 6 | സി.എച്ച്. സി കടമ്പഴിപ്പുറം | പാലക്കാട് |
| 7 | സി.എച്ച്. സി മുല്ലശ്ശേരി | തൃശ്ശൂർ |
| 8 | സി.എച്ച്. സി അറുന്യൂറ്റിമംഗലം | പാലക്കാട് |
| | പി.എച്ച്.സി | |
| 1 | പി.എച്ച്.സി ചിറ്റാരിക്കൽ | കാസർഗോഡ് |
| 2 | പി.എച്ച്.സി നർക്കിലക്കാട് | കാസർഗോഡ് |
| 3 | എഫ്.എച്ച്.സി. തിരുനാവായ | മലപ്പുറം |
| 4 | എഫ്.എച്ച്.സി. കാഞ്ചിയാർ | ഇടുക്കി |
| 5 | എഫ്.എച്ച്.സി മുത്തോലി | കോട്ടയം |
| 6 | എഫ്.എച്ച്.സി. നൂൽപ്പുഴ | വയനാട് |
| 7 | പി.എച്ച്.സി പുറക്കാട് | ആലപ്പുഴ |
| 8 | പി.എച്ച്.സി പെരുമ്പ | പാലക്കാട് |
| 9 | എഫ്.എച്ച്.സി. ചെമ്മരുത്തി | തിരുവനന്തപുരം |
| 10 | എഫ്.എച്ച്.സി കരിന്തളം | കാസർഗോഡ് |
| 11 | എഫ്.എച്ച്.സി വലിയപറമ്പ | കാസർഗോഡ് |
| 12 | എഫ്.എച്ച്.സി കയ്യൂർ | കാസർഗോഡ് |
| 13 | എഫ്.എച്ച്.സി വളപട്ടണം | കണ്ണൂർ |
| 14 | എഫ്.എച്ച്.സി തേർത്തല്ലി | കണ്ണൂർ |

| | | |
|---|---|---|
| 15 | പി.എച്ച്.സി ചാലിയാർ | മലപ്പുറം |
| 16 | എഫ്.എച്ച്.സി മുണ്ടൂർ | തൃശ്ശൂർ |
| 17 | എഫ്.എച്ച്. സി ഓതറ | പത്തനംതിട്ട |
| 18 | എഫ്.എച്ച്. സി പൂഴനാട് | തിരുവനന്തപുരം |
| 19 | എഫ്.എച്ച്.സി മലപ്പട്ടം | കണ്ണൂർ |
| 20 | എഫ്.എച്ച്.സി കൊട്ടിയൂർ | കണ്ണൂർ |
| 21 | എഫ്.എച്ച്.സി വാഴക്കുളം | എറണാകുളം |
| 22 | എഫ്.എച്ച്.സി രാമനാട്ടുകര | കോഴിക്കോട് |
| 23 | പി.എച്ച്.സി പനവള്ളി | ആലപ്പുഴ |
| 24 | എഫ്.എച്ച്.സി കതിരൂർ | കണ്ണൂർ |
| 25 | എഫ്.എച്ച്.സി ശ്രീകൃഷ്ണപുരം | പാലക്കാട് |
| 26 | എഫ്.എച്ച്.സി ദേശമംഗലം | തൃശ്ശൂർ |
| 27 | എഫ്.എച്ച്.സി വെളിയന്നൂർ | കോട്ടയം |
| 28 | എഫ്.എച്ച്.സി മുള്ളേറിയ | കാസർഗോഡ് |
| 29 | എഫ്.എച്ച്.സി പാണ്ടിക്കാട് | മലപ്പുറം |
| 30 | എഫ്.എച്ച്.സി അമരമ്പലം | മലപ്പുറം |
| 31 | എഫ്.എച്ച്.സി കോട്ടപ്പടി | എറണാകുളം |
| 32 | എഫ്.എച്ച്.സി പായിപ്ര | എറണാകുളം |
| 33 | എഫ്.എച്ച്.സി കാർകോർആലപടമ്പ | കണ്ണൂർ |
| 34 | എഫ്.എച്ച്.സി ചെറുതാഴം | കണ്ണൂർ |
| 35 | എഫ്.എച്ച്.സി പാട്യം | കണ്ണൂർ |
| 36 | എഫ്.എച്ച്.സി പൂത്താടി | വയനാട് |
| 37 | എഫ്.എച്ച്.സി ഇടച്ചേരി | കോഴിക്കോട് |
| 38 | എഫ്.എച്ച്.സി തില്ലങ്കേരി | കണ്ണൂർ |
| 39 | പി.എച്ച്.സി . മാൻകോട്ചിതറ | കൊല്ലം |
| 40 | എഫ്.എച്ച്.സി കോട്ടക്കൽ | മലപ്പുറം |
| 41 | എഫ്.എച്ച്.സി പുന്നയൂർ | തൃശ്ശൂർ |
| 42 | എഫ്.എച്ച്.സി തളിക്കുളം | തൃശ്ശൂർ |
| 43 | പി.എച്ച്.സി . പുന്നപ്ര നോർത്ത് | ആലപ്പുഴ |
| 44 | പി.എച്ച്.സി കള്ളിക്കാട് ന്യൂ | തിരുവനന്തപുരം |
| 45 | എഫ്.എച്ച്.സി നെന്മണിക്കര | തൃശ്ശൂർ |
| 46 | എഫ്.എച്ച്.സി കല്ലടിക്കോട് | പാലക്കാട് |
| 47 | എഫ്.എച്ച്.സി ചോക്കാട്, മലപ്പുറം | മലപ്പുറം |
| 48 | എഫ്.എച്ച്.സി കുമാരമംഗലം | ഇടുക്കി |
| 49 | എഫ്.എച്ച്.സി വാഴൂർ | കോട്ടയം |
| 50 | എഫ്.എച്ച്.സി വേലൂർ | തൃശ്ശൂർ |
| 51 | എഫ്.എച്ച്.സി ചെനീർക്കര | പത്തനംതിട്ട |
| 52 | എഫ്.എച്ച്.സി മണീട് | എറണാകുളം |
| 53 | എഫ്.എച്ച്.സി കരകുളം | തിരുവനന്തപുരം |
| 54 | എഫ്.എച്ച്.സി ആറളം ഫാം | കണ്ണൂർ |
| 55 | എഫ്.എച്ച്.സി മുണ്ടേരി | കണ്ണൂർ |

| | | |
|---|---|---|
| 56 | എഫ്.എച്ച്.സി മൊറയൂർ | മലപ്പുറം |
| 57 | എഫ്.എച്ച്.സി വഴിക്കടവ് | മലപ്പുറം |
| 58 | എഫ്.എച്ച്.സി പനങ്ങാട് | കോഴിക്കോട് |
| 59 | എഫ്.എച്ച്.സി മേപ്പയൂർ | കോഴിക്കോട് |
| 60 | എഫ്.എച്ച്.സി ഉദ്യയഗിരി | കണ്ണൂർ |
| 61 | എഫ്.എച്ച്.സി പുളിങ്ങോം | കണ്ണൂർ |
| 62 | എഫ്.എച്ച്.സി ചെറുകുന്നത്തറ | കണ്ണൂർ |
| 63 | എഫ്.എച്ച്.സി കല്ല്യയശേരി | കണ്ണൂർ |
| 64 | എഫ്.എച്ച്.സി മാട്ടൂർ | കണ്ണൂർ |
| 65 | എഫ്.എച്ച്.സി ചാത്തന്നൂർ | കൊല്ലം |
| 66 | എഫ്.എച്ച്.സി എരമംകുട്ടൂർ | കണ്ണൂർ |
| 67 | എഫ്.എച്ച്.സി ചിറയ്ക്കൽ | കണ്ണൂർ |
| 68 | എഫ്.എച്ച്.സി പാട്ടുവം | കണ്ണൂർ |
| 69 | എഫ്.എച്ച്.സി ഓണംതുരുത്ത് | കോട്ടയം |
| 70 | എഫ്.എച്ച്.സി എണ്ണപ്പാറ | കാസർഗോഡ് |
| 71 | എഫ്.എച്ച്.സി വെളിയം | കൊല്ലം |
| 72 | എഫ്.എച്ച്.സി അത്താണിക്കൽ | മലപ്പുറം |
| 73 | എഫ്.എച്ച്.സി മൂടാടി | കോഴിക്കോട് |
| 74 | എഫ്.എച്ച്.സി ഇളമ്പള്ളൂർ | കൊല്ലം |
| 75 | എഫ്.എച്ച്.സി ന്യൂമാഹി | കണ്ണൂർ |
| 76 | എഫ്.എച്ച്.സി പുറമേരി | കോഴിക്കോട് |
| 77 | എഫ്.എച്ച്.സി ഉടുമ്പൻചോല | ഇടുക്കി |
| 78 | എഫ്.എച്ച്.സി കാട്ടാക്കട ന്യൂ ആമച്ചൽ | തിരുവനന്തപുരം |
| 79 | എഫ്.എച്ച്.സി മറവൻതുരുത്ത് | കോട്ടയം |
| 80 | എഫ്.എച്ച്.സി തഴവ | കൊല്ലം |
| 81 | എഫ്.എച്ച്.സി എടവക | വയനാട് |
| 82 | എഫ്.എച്ച്.സി ഉദുമ | കാസർഗോഡ് |
| 83 | എഫ്.എച്ച്.സി പൊഴുതന | വയനാട് |
| 84 | എഫ്.എച്ച്.സി പൊയ്യ | തൃശ്ശൂർ |
| 85 | എഫ്.എച്ച്.സി കൊടകര | തൃശ്ശൂർ |
| 86 | എഫ്.എച്ച്.സി കുറുപ്പന്തറ | കോട്ടയം |
| 87 | എഫ്.എച്ച്.സി ഓമല്ലൂർ | പത്തനംതിട്ട |
| 88 | എഫ്.എച്ച്.സി പായിപ്പാട് | കോട്ടയം |

| | | |
|---|---|---|
| 89 | എഫ്.എച്ച്.സി ഇരിങ്ങൽ | കോഴിക്കോട് |
| 90 | എഫ്.എച്ച്.സി രായമംഗലം | എറണാകുളം |
| 91 | എഫ്.എച്ച്.സി കല്ലറ | കോട്ടയം |
| 92 | എഫ്.എച്ച്.സി കോട്ടുകാൽ | തിരുവനന്തപുരം |
| 93 | എഫ്.എച്ച്.സി ഒഴൂർ | മലപ്പുറം |
| 94 | പി എച്ച്.സി മുനമ്പം | എറണാകുളം |
| 95 | പി എച്ച്.സി പൂമംഗലം | തൃശ്ശൂർ |
| 96 | പി എച്ച്.സി തിരുവമ്പാടി | കോഴിക്കോട് |
| 97 | പി എച്ച്.സി നാട്ടകം | കോട്ടയം |
| 98 | എഫ്.എച്ച്.സി കരുളായി | മലപ്പുറം |
| 99 | എഫ്.എച്ച്.സി കോട്ടയം മലബാർ | കണ്ണൂർ |
| 100 | പി എച്ച്.സി ഒഴലപതി | പാലക്കാട് |
| 101 | പി എച്ച്.സി ചവറ | കൊല്ലം |
| | **യു.പി.എച്ച്.സി.** | |
| 1. | യു.പി.എച്ച്.സി. തൃക്കാക്കര | എറണാകുളം |
| 2. | യു.പി.എച്ച്.സി. മൈതാനപ്പള്ളി | കണ്ണൂർ |
| 3. | യു.പി.എച്ച്.സി. അനാപ്പുഴ | തൃശ്ശൂർ |
| 4. | യു.പി.എച്ച്.സി. കല്ലുനിറ | കോഴിക്കോട് |
| 5. | യു.പി.എച്ച്.സി. കൊലശ്ശേരി | കണ്ണൂർ |

| | | |
|---|---|---|
| 6. | യു.പി.എച്ച്.സി. ക്കുവോട് | കണ്ണൂർ |
| 7. | യു.പി.എച്ച്.സി. പെരുന്ന | കോട്ടയം |
| 8. | യു.പി.എച്ച്.സി പൊറോറ | കണ്ണൂർ |
| 9. | യു.പി.എച്ച്.സി മുളങ്കുഴി | എറണാകുളം |
| 10. | യു.പി.എച്ച്.സി മുംമ്പുല്ലി | മലപ്പുറം |
| 11. | യു.പി.എച്ച്.സി ചേരാവള്ളി | ആലപ്പുഴ |
| 12. | യു.പി.എച്ച്.സി പാറക്കടവ് | ഇടുക്കി |
| 13. | യു.പി.എച്ച്.സി പുലികുന്ന് | കാസർഗോഡ് |
| 14. | യു.പി.എച്ച്.സി തമ്മനം | എറണാകുളം |
| 15. | യു.പി.എച്ച്.സി മുല്ലത്തുവളപ്പ് | ആലപ്പുഴ |
| 16. | യു.പി.എച്ച്.സി പറവട്ടാനി | തൃശ്ശൂർ |
| 17. | യു.പി.എച്ച്.സി വി ആ ർ പുരം | തൃശ്ശൂർ |
| 18. | യു.പി.എച്ച്.സി കച്ചേരി | തൃശ്ശൂർ |
| 19. | യു.പി.എച്ച്.സി മംഗലശ്ശേരി | മലപ്പുറം |
| 20. | യു.പി.എച്ച്.സി ഇരവിമംഗലം | മലപ്പുറം |
| 21. | യു.പി.എച്ച്.സി ഗുരുവായൂ ർ | തൃശ്ശൂർ |
| 22. | യു.പി.എച്ച്.സി കിണാശ്ശേരി | കോഴിക്കോട് |
| 23. | യു.പി.എച്ച്.സി ത്രിപ്പൂണിത്തുറ | എറണാകുളം |
| 24. | യു.പി.എച്ച്.സി പാനൂർ | കണ്ണൂർ |
| 25. | യു.പി.എച്ച്.സി ഗോസായികുന്ന് | തൃശ്ശൂർ |
| 26. | യു.പി.എച്ച്.സി വട്ടിയൂ ർക്കാവ് | തിരുവനന്തപുരം |
| 27. | യു.പി.എച്ച്.സി പോ ർക്കളേങ്ങാട് | തൃശ്ശൂർ |
| 28. | യു.പി.എച്ച്.സി മുണ്ടക്കൽ | കൊല്ലം |
| 29. | യു.പി.എച്ച്.സി മാമ്പഴക്കര | തിരുവനന്തപുരം |
| 30. | യു.പി.എച്ച്.സി നെഹ്റു ട്രോഫി | ആലപ്പുഴ |
| 31. | യു.പി.എച്ച്.സി മുണ്ടേരി | വയനാട് |
| 32. | യു.പി.എച്ച്.സി ഉളിയക്കോവിൽ | കൊല്ലം |
| 33. | യു.പി.എച്ച്.സി കളമശ്ശേരി | എറണാകുളം |
| 34. | യു.പി.എച്ച്.സി പയ്യാനക്കൽ | കോഴിക്കോട് |
| 35. | യു.പി.എച്ച്.സി തിരുവല്ല | പത്തനംതിട്ട |
| 36. | യു.പി.എച്ച്.സി പൊന്നാനി | മലപ്പുറം |
| 37. | യു.പി.എച്ച്.സി ബിയ്യം | മലപ്പുറം |
| 38. | യു.പി.എച്ച്.സി കടവന്ത്ര | എറണാകുളം |
| 39. | യു.പി.എച്ച്.സി വെട്ടിക്കോട് | മലപ്പുറം |

*As on 31 ജനുവരി 2023

സെക്ഷൻ ഓഫീസർ